LIBRARY ARCHIVES Kerala Legislative Assembly

വരെ രണ്ടുവരിപ്പാത നിർമ്മാണത്തിനായി 30 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെയുള്ള 11.41 കി.മീ ദൂരം അമ്പത്തിനാല് കോടി രൂപ്പാറ്റിയഞ്ച് ലക്ഷം രൂപ ചെലവിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ചമ്രവട്ടം മുതൽ പുതുപൊന്നാനി പാലം അപ്രോച്ച് വരെയുള്ള ഭാഗത്ത് ചമ്രവട്ടം മുതൽ പള്ളിപ്പുറം പി.സി. കനാൽ വരെ 2.175 കി.മീ ദൂരം വരെയുള്ള പണി നേരത്തെ തന്നെ കേന്ദ്ര ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് 40.62 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രസർക്കാരിൽ നിന്ന് 18-3-2014-ൽ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഇ.പി.സി. മോഡലിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ടെണ്ടറിന്റെ കരട് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി കിട്ടിയാൽ ഉടൻതന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്.

13. ചേലക്കരയിൽ വെറ്ററിനറി കോളേജ്

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വെറ്ററിനറി കോളേജുകളുടെ എണ്ണം വളരെ പരിമിതമാണ്. ഇപ്പോൾ കുട്ടികൾ പഠിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഉറപ്പുവരുത്താനും മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും വെറ്ററിനറി സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെയും ഗവേഷകരുടെയും ദൗർലഭ്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാർ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ധാരാളം ആരംഭിക്കുന്നുണ്ട്. എന്നാൽ ഇതുവരെ വെറ്ററിനറി കോളേജ് ആരംഭിച്ചിട്ടില്ല എന്നുള്ളത് ഈ രംഗത്തെ പരിമിതിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത് പരിഹരിക്കാൻ വേണ്ടിയാണ് ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. ചേലക്കര മണ്ഡലത്തിൽ കൃഷി ഫാമിന്റെയും സീഡ് ഫാമിന്റെയും സ്ഥലം ധാരാളമായി കിടക്കുന്നുണ്ട്. ജില്ലാ കൃഷി ഫാമിന്റെ സ്ഥലത്ത് വെറ്ററിനറി കോളേജ് സ്ഥാപിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. ഇക്കാര്യം മന്ത്രി നേരിട്ടുകണ്ട് മനസ്സിലാക്കിയതാണ്. അതെല്ലാം പരിഗണിച്ചുകൊണ്ട് ചേലക്കരയിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിൽ വെറ്ററിനറി കോളേജുകളുടെ കുറവുമൂലം വെറ്ററിനറി രംഗത്ത് കൂടുതൽ

പ്രവർത്തനം നടത്താനുള്ള സാധ്യത കുറഞ്ഞുവരികയാണ്. അതുകൊണ്ട് കൂടുതൽ വെറ്ററിനറി കോളേജുകൾ തുടങ്ങണമെന്നാണ് സർക്കാരിന്റെ നയം. ചേലക്കരയിൽ അനുയോജ്യമായ സാഹചര്യത്ത് വെറ്ററിനറി കോളേജ് ആരംഭിക്കാനുള്ള നടപടികൾ സജീവമായിട്ടുണ്ട്. ചേലക്കരയോടൊപ്പം ഹരിപ്പാട്ടും കുന്നുപറമ്പിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി വെറ്ററിനറി കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് അനുകൂലമായ പ്രതികരണം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. കോളേജുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ KVASU താമസിയാതെതന്നെ സർക്കാരിന് ലഭ്യമാക്കുന്നതും ഉടൻതന്നെ മറ്റ് നടപടികൾ പൂർത്തീകരിച്ച് ആരംഭിക്കുന്നതുമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

14. വിളനാശത്തിന് നഷ്ടപരിഹാരം

ശ്രീ. ഇ. പി. ജയരാജൻ : സർ, പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് വർഷംതോറും കോടിക്കണക്കിന് രൂപയുടെ കാർഷിക വിളകളാണ് നശിച്ചു കൊണ്ടിരിക്കുന്നത്. ഇതിന്റെ മഹാഭൂരിപക്ഷം ദുരിതങ്ങളും അനുഭവിക്കേണ്ടി വരുന്നത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരാണ്. കാർഷിക വിളകൾ നശിക്കുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാകുന്നില്ലായെന്നുള്ളതാണ് പ്രശ്നം. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ അപര്യാപ്തമാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക 2012 ഏപ്രിൽ മാസത്തിൽ പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. കാലോചിതമായിട്ടുള്ള മാറ്റങ്ങളൊന്നും അതിനുണ്ടായിട്ടില്ല. അതുകൊണ്ട് കൃഷിക്കാർക്ക് നാശനഷ്ടംമൂലം കൃഷി നഷ്ടപ്പെട്ടപ്പോൾ ഇച്ഛമായിട്ടുള്ള തുകയാണ് ലഭിക്കുന്നത്. ഒരു ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചാൽ കർഷകർക്ക് ഒരു ലക്ഷം രൂപയോളം നഷ്ടമുണ്ടാകുന്നു. ഒരു ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചാൽ കൃഷി ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നത് പതിനായിരം രൂപയാണ്.

മറ്റൊന്ന്, കായ്ഫലമുള്ള തെങ്ങ് കാലവർഷക്കെടുതിയിൽ നഷ്ടപ്പെട്ടുപോയാൽ ഒരു തെങ്ങിന് 700 രൂപയാണ് കൃഷിക്കാരന് നൽകുന്നത്. റബ്ബർ മരം നശിച്ചാൽ വെറും മൂന്നൂറ് രൂപയാണ് നൽകുന്നത്. രണ്ട് കി.ഗ്രാം റബ്ബറിന്റെ വില മാത്രമാണ് ഒരു റബ്ബർമരം നഷ്ടപ്പെട്ടുപോയാൽ റബ്ബർ കൃഷിക്കാരന് നൽകുന്നത്. അടയ്ക്കാമരം നശിച്ചാൽ നൽകുന്നത് 150 രൂപയാണ്. 25 സെന്റിലെ മരിച്ചീനി കൃഷി നശിച്ചവർക്ക് നൽകുന്നത് വെറും 150 രൂപയാണ്. ഒരു കി.ഗ്രാം മരിച്ചീനിക്ക് 30 രൂപയിൽ കൂടുതൽ വിലയുണ്ട്. അപ്പോഴാണ് മരിച്ചീനികൃഷിക്കാർക്ക് ഇച്ഛമായ തുക

LIBRARY ARCHIVES Kerala Legislative Assembly